7.	കാസർഗോഡ് - കൊന്നക്കാട്	2 എണ്ണം
8.	കാസർഗോഡ് - മയ്യിൽ	1 എണ്ണം
9.	കാസർഗോഡ് - പനത്തൂർ	2 എണ്ണം
10.	കാസർഗോഡ് - ചെര്യംപാല	1 എണ്ണം
11.	കാസർഗോഡ്- കാപ്പനടുക്കാൻ	1 എണ്ണം
12.	കാസർഗോട് - ചെംപാരിക	3 എണ്ണം
13.	കാസർഗോഡ് - ജിഹുരി	1 എണ്ണം
14.	കാസർഗോഡ്- ചലാഞ്ചർ	1 എണ്ണം
15.	കാസർഗോഡ് - കല്ലാരി	1 എണ്ണം
16.	കാസർഗോഡ് - കായല്ലൂർ	1 എണ്ണം
17.	കാസർഗോഡ് - കംസാർ	1 എണ്ണം
18.	കാസർഗോഡ് - കണ്ണൂർ	17 എണ്ണം
19.	കാസർഗോഡ് - പറശ്ശിനിക്കടവ്	2 എണ്ണം
20.	കാസർഗോഡ് - കോട്ടയം	1 എണ്ണം
21.	കാസർഗോഡ് - തൃപ്പരിപ്പൂർ	1 എണ്ണം
22.	കാസർഗോഡ് - ചീരകയം	1 എണ്ണം
23.	കാസർഗോഡ് - തിരുവനന്തപുരം	1 എണ്ണം
24.	കാസർഗോഡ് - കാഞ്ഞിരപ്പൊയിൽ	1 എണ്ണം
25.	കാസർഗോഡ് - പയ്യന്നൂർ	1 എണ്ണം
26.	കാസർഗോഡ് - മൂലഗഡ്ഡി	1 എണ്ണം
	ആകെ	**70 എണ്ണം**

(ജി) ബസ്സിന്റെയുടെ ജീവനക്കാരുടെയും കുറവ് നികത്തുന്നതനുസരിച്ച് ലാഭകരമായി ഓടിക്കാവുന്ന റൂട്ടുകളുണ്ടെങ്കിൽ കൂടുതൽ ബസ് സർവ്വീസ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ഡീസൽ ക്ഷാമംമൂലം നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ

26 (1579) ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡീസൽ ക്ഷാമത്തെ തുടർന്ന് കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ നിർത്തലാക്കുന്നുണ്ടോ ;

(ബി) എങ്കിൽ കൊല്ലം ജില്ലയിലെ ഡിപ്പോകളിൽ എവിടെ നിന്നെല്ലാം എത്ര ഷെഡ്യൂളുകൾ നിർത്തലാക്കി ;

(സി) നിർത്തലാക്കിയ ഷെഡ്യൂളുകൾ പുനരാരംഭിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഡീസലിന്റെ ലഭ്യത കുറവു കാരണം വരുമാനം കുറഞ്ഞ ചില ഷെഡ്യൂളുകൾ തൽക്കാലത്തേക്ക് നിർത്തലാക്കേണ്ടി വന്നിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിലെ ഒരു ഡിപ്പോയിലും സർവ്വീസുകൾ സ്ഥിരമായി നിർത്തലാക്കിയിട്ടില്ല.

(സി) തൽക്കാലത്തേക്ക് നിർത്തിവെക്കിയ വരുമാനം കുറഞ്ഞ സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായി പുനരാരംഭിക്കുവാനുള്ള നടപടി എടുത്തുവരുന്നു.

കെ.എസ്.ആർ.ടി.സി. യിലെ ദിവസക്കൂലി ജീവനക്കാർ

27 (1583) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. യിൽ പതിനഞ്ചു വർഷത്തിലേറെയായി ദിവസക്കൂലിക്ക് ജോലിചെയ്യുന്ന തൊഴിലാളികൾ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വിഭാഗങ്ങളിൽ എത്രപേർ വീതം എന്ന് വെളിപ്പെടുത്തുമോ ;

(സി) ട്രാൻസ്പോർട്ട് കോർപ്പറേഷന് നിയമനാധികാരമുള്ള തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 1998-ൽ തുർച്ചയായി 15 വർഷം ദിവസക്കൂലി അടിസ്ഥാനത്തിൽ പൂർത്തിയാക്കിയ തിരുവനന്തപുരം സെൻട്രലിലെ 10 പേരെയും സെൻട്രൽ വർക്സ് പാപ്പനംകോട്ടെ 78 പേരെയും റിജിയണൽ വർക്ക്ഷോപ്പ് ആലുവയിലെ 2 പേരെയും, റീജിയണൽ വർക്ക്ഷോപ്പ്, മാവേലിക്കരയിലെ ഒരാളിനെയും ട്രാൻസ്പോർട്ട് കോർപ്പറേഷന് നിയമനാധികാരമുള്ള ഗ്യാരേജ് മസ്ദൂർ ആയി സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

കല്ലടത്തണ്ടി ബസ്സപകട അന്വേഷണകമ്മീഷൻ റിപ്പോർട്ട്

28 (1584) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly